**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1917** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭകരെ ബുദ്ധിമുട്ടിക്കുന്നതും യുക്തിരഹിതമായി പ്രവർത്തിക്കുന്നതുമായ വകുപ്പുകളെ കുറിച്ച് പരിശോധിക്കുവാൻ വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | വകുപ്പുകളെ സംബന്ധിച്ച പഠനത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല എന്നാൽ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. കെ. സി. സണ്ണി, വൈസ്ചാൻസിലർ, NUALS, ചെയർമാനായും ശ്രീ. കെ. ശശിധരൻ നായർ, നിയമപരിഷ്കാര കമ്മീഷൻ ചെയർമാൻ മെമ്പറായും ശ്രീ. ജെ. നന്ദകുമാർ എം.എസ്. (കില) special invittee ആയും 3 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ചുമതലപ്പെടുത്തി യിട്ടുള്ളത് |
| (ബി) | എങ്കിൽ അപ്രകാരം നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതി അംഗങ്ങൾ ആരൊക്കെയെന്ന് അറിയിക്കുമോ; സമിതി റിപ്പോർട്ട് എത്ര ദിവസത്തിനകം നൽകാനാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | വകുപ്പുകളെ സംബന്ധിച്ച പഠനത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല എന്നാൽ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. കെ. സി. സണ്ണി, വൈസ്ചാൻസിലർ, NUALS, ചെയർമാനായും ശ്രീ. കെ. ശശിധരൻ നായർ, നിയമപരിഷ്കാര കമ്മീഷൻ ചെയർമാൻ മെമ്പറായും ശ്രീ. ജെ. നന്ദകുമാർ എം.എസ്. (കില) special invittee ആയും 3 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ചുമതലപ്പെടുത്തി യിട്ടുള്ളത് |
| (സി) | വ്യവസായ സംരംഭകർക്ക് ഉദ്യോഗസ്ഥർ തുടങ്ങി ഇതര വിഭാഗങ്ങളിൽ നിന്നും നേരിടുന്ന ബുദ്ധിമുട്ടുകളും ആവലാതികളും വ്യവസായ വകുപ്പിനെ അറിയിക്കാൻ എന്തൊക്കെ നടപടികളാണ് അടിയന്തിരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രിവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ബഹു. മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | ബോധിപ്പിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫിസ്, ജില്ലാ വ്യവസായ കേന്ദ്രം, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഓഫിസുകളിൽ സംവിധാനം നിലവിലുണ്ട്. ഇത് കൂടാതെ ബ്ലോക്ക് തലത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറുടെ സേവനവും ലഭ്യമാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ സംരംഭകർക്കാവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി ബഹുമാനപ്പെട്ട വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന മീറ്റ് ദി മിനിസ്റ്റർ എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ